©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2022 ഡിസംബർ 07<br>07th December 2022<br>1198 വൃശ്ചികം 21<br>21st Vrischikam 1198<br>1944 അഗ്രഹായനം 16<br>16th Agrahayana 1944 | നമ്പർ<br>No. | 4168 |

കേരള സർക്കാർ

**റവന്യൂ (പി) വകുപ്പ്**

വിജ്ഞാപനം

സ.ഉ (അച്ചടി) നം.292/2022/RD

**എസ്. ആർ. ഒ. നമ്പർ 1184/2022**

തിരുവനന്തപുരം 2022 ഡിസംബർ 2
1198 വൃശ്ചികം 16
1944 അഗ്രഹായനം 11

2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28) 30-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരള സർക്കാർ, 2008 ഡിസംബർ 24-ാം തീയതിയിലെ ജി.ഒ (പി) നമ്പർ 443/2008/റവന്യൂ നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 2008 ഡിസംബർ 24-ാം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തീയതിയിലെ 2743-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 1255/2008 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിനായി താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു. അതായത് : -

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും. - (1) ഈ ചട്ടങ്ങൾക്ക് 2022-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ എന്ന് പേരു പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി - 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ 13-ാം ചട്ടം (3)-ാം ഉപചട്ടത്തിൽ "പുരയിടം" എന്ന വാക്കിനു മുമ്പ് "സ്വഭാവ വ്യതിയാനം നടത്തിയ " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
ഡോ. എ. ജയതിലക് ഐ എ എസ്,
അഡീഷണൽ ചീഫ് സെക്രട്ടറി .

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

2008 - ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 13 ന്റെ (3)-ാം ഉപചട്ടത്തിൽ സ്വഭാവ വ്യതിയാനം വരുത്തുവാൻ അനുമതി നൽകപ്പെട്ട ഭൂമി "പുരയിടം" എന്നും ജലസംരക്ഷണ നടപടികൾക്കായി നീക്കിവെച്ചിട്ടുള്ള പത്ത് ശതമാനം ഭൂമി "നിലം-ജലസംരക്ഷണ പ്രദേശം" എന്നും രേഖപ്പെടുത്തുന്നതിനും (5)-ാം ഉപചട്ടത്തിൽ ഇപ്രകാരം സ്വഭാവ വ്യതിയാനം വരുത്തുന്ന ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനും ആണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇപ്രകാരം സ്വഭാവ വ്യതിയാനം വരുത്തുവാൻ അനുമതി നൽകപ്പെട്ട ഭൂമി "പുരയിടം" എന്ന് മാത്രം രേഖപ്പെടുത്തി സപ്ലിമെന്ററി ബി.റ്റി.ആർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തയ്യാറാക്കുമ്പോൾ, സ്വഭാവ വ്യതിയാനം നടത്തുന്നതിന് അനുമതി ലഭിച്ചതിൻ പ്രകാരം 'പുരയിടമാക്കിയ ഭൂമി' എന്ന വേർതിരിവ് ഇല്ലാതാകും എന്നതിനാൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സ്വഭാവ വ്യതിയാനത്തിനു അനുമതി ലഭിച്ചതു വഴി "പുരയിടം" ആക്കി മാറ്റിയ ഭൂമിയാണെന്ന് എല്ലാ സമയത്തും തിരിച്ചറിയാൻ കഴിയുന്ന രീതിയിൽ "സ്വഭാവ വ്യതിയാനം നടത്തിയ" എന്ന വാക്കുകൾ കൂടി "പുരയിടം" എന്ന വാക്കിനു മുമ്പേ ഉൾപ്പെടുത്തി റവന്യൂ രേഖകളിൽ ഉൾക്കുറിപ്പ് ചേർക്കുന്നതിനും അപ്രകാരം ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനു ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2022.12.07 05:32:22 +05:30